Kerala Small
Industries Development
Corporation Limited
(Government of Kerala undertaking)

P.B.No: 50, Housing Board Building,
Santhi Nagar, THIRUVANANTHAPURAM-695 001
Ph:O471-2330613, 2330614, 2330458(after office hrs.)
Fax-0471-2330904
E-mail: tvm_kersidco@sancharnet.in
Website: www.keralasidco.com

നം: വി.ഐ.ജി/6297/04 തീയതി: 18.10.2004

**<u>സിഡ്കോ പാലക്കാട് ആർ.എം.ഡിപ്പോയിൽ പാർട്ടൈം തൂപ്പുകാരനായി ജോലി നോക്കിയിരുന്ന ശ്രീ.കെ.ജലീലിൻെറ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്ന കുറ്റാരോപണ മെമ്മോ.</u>**

താങ്കൾ ശ്രീ.കെ.ജലീൽ പാലക്കാട് സിഡ്കോ ആർ.എം.ഡിപ്പോയിൽ പാർട്ടൈം തൂപ്പുകാരനായി ജോലി നോക്കി വരുന്നതിനിടയിൽ 6.11.2001 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുകയാണ്. ഇത് സർവ്വീസ് ചട്ടപ്രകാരം കുറ്റകരമാണെന്നതിനാൽ, താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാതിരിയ്ക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ ഈ നോട്ടീസ് ലഭിച്ചു 30 ദിവസങ്ങൾക്കുള്ളിൽ അത് രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട കാലയളവിനുള്ളിൽ പ്രസ്തുത മറുപടി ലഭിക്കാതിരുന്നാൽ ഇതിൻമേൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ ചട്ടപ്രകാരം താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ മെമ്മോയ്ക്ക് ആധാരമായിട്ടുള്ള കുറ്റപത്രം ചുവടെ ചേർക്കുന്നു.

ഒപ്പ്

മാനേജിംഗ് ഡയറക്ടർ

<u>കുറ്റപത്രം</u>

താങ്കൾ പാലക്കാട് സിഡ്കോ ആർ.എം.ഡിപ്പോയിൽ പാർട്ടൈം തൂപ്പുകാരനായി ജോലി നോക്കി വരുന്നതിനിടയിൽ വിദേശത്ത് ജോലി തേടുന്നതിനെന്നു പറഞ്ഞ് 1.11.2001 മുതൽ 30.10.2006 വരെ അഞ്ച് വർഷത്തേക്ക് ശൂന്യ വേതന അവധിയ്ക്കായി 24.10.2001 ന് പാലക്കാട് ആർ.എം.ഡിപ്പോ മാനേജർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. അതിൻമേലുള്ള അന്തിമ തീരുമാനം കോർപ്പറേഷൻ അറിയിക്കുന്നതിന് മുമ്പ് മുൻകൂർ അനുമതിയില്ലാതെ 6.11.2001 മുതൽ താങ്കൾ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയാണ്.

സർവ്വീസ് ചട്ടപ്രകാരം ഒരു കലണ്ടർ വർഷക്കാലം താങ്കൾക്കു അനുവദനീയമായ പരമാവധി ശൂന്യ വേതന അവധി 120 ദിവസം മാത്രമാണ്. ആകയാൽ പ്രത്യേക അനുമതിക്കായി താങ്കളുടെ അപേക്ഷ സർക്കാരിന് അയച്ചിരുന്നു. അപേക്ഷിക്കപ്പെട്ട അവധിയ്ക്കു താങ്കൾക്കു അർഹതയില്ലെന്നും അനധികൃതമായി അവധിയിൽ തുടരുന്നതിന് താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ച വിവരം സർക്കാരിന് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചിരിക്കുകയാണ്.

20.1.1996 ലെ 10432/ബി.പി.ഇ:1/95 പി.എൽ.ജി നംപർ സർക്കാർ സർക്കുലർ പ്രകാരം മേലധികാരിയിൽ നിന്നും മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി അവധിയിൽ പ്രവേശിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനെ അച്ചടക്ക നടപടിക്കു വിധേയനാക്കേണ്ടതും സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

ആ നില്ക്കു മാനേജിംഗ് ഡയറക്ടറുടെ അനുമതിയില്ലാതെ അനധികൃതമായി അവധിയിൽ പോയ താങ്കളുടെ നടപടി 20.1.1996 ലെ 110432/ബി.പി.ഇ:1/95 പി.എൽ.ജി നംപർ സർക്കാർ ഉത്തരവ് പ്രകാരം ഗുരുതരമായ പെരുമാറ്റച്ചട്ട ലംഘനമാകയാൽ താങ്കൾക്കെതിരെ യഥാവിധിയുള്ള നടപടികൾ ആരംഭിക്കുന്നതിൻെറ ഭാഗമായിട്ടുള്ളതാണ് ഈ കുറ്റപത്രം.

ഒപ്പ്

മാനേജിംഗ് ഡയറക്ടർ